*അമർത്തിച്ചിമ്മിയ*
*ഉൾക്കണ്ണുകളിൽ വെളിച്ചവും തെളിച്ചവും.*

# ആനന്ദാശ്രുക്കൾ

തന്റെ മാതാപിതാക്കളെപ്പറ്റി ജോസിന് ഒരറിവും ഉണ്ടായിരുന്നില്ല. കർമ്മലിത്ത കന്യാസ്ത്രീകൾ നടത്തുന്ന 'ലിറ്റിൽ ഫ്ലവർ' ഓർഫനേജിലെ വെളുത്തുതടിച്ച സിസ്റ്റർ തെരിസായുടെ പരിചരണത്തിൽ കുട്ടിക്കാലം കഴിച്ചുകൂട്ടിയ അവ്യക്തമായ ഓർമ്മകളുണ്ട്. സദാ പുഞ്ചിരി തൂകുന്ന മുഖവുമായി തങ്ങളിൽ ഓരോരുത്തരെയും തനത് എന്ന വിചാരത്തോടെ ശുശ്രൂഷിച്ചു വളർത്തിയ സിസ്റ്റർ തെരിസാ! തനിക്കഞ്ചുവയസ്സുള്ളപ്പോൾ ആ പ്രായത്തിലുള്ള മറ്റു മൂന്നാലു കുട്ടികളോടൊപ്പം പട്ടണത്തിൽനിന്ന് അകന്നുമാറിയുള്ള ആൺകുട്ടികൾക്കായുള്ള ഈ ഓർഫനേജിലേക്കു മാറ്റുകയാണുണ്ടായത്.

കൂറ്റൻ മതിൽവളപ്പിനുള്ളിൽ അനേകം ഏക്കറുകളിലായി പരന്നുകിടക്കുന്ന ഈ ഓർഫനേജ് ഒരു പ്രത്യേകലോകംതന്നെയാണ്. ഇവിടെ നൂറിലധികം കുട്ടികൾ - പല പ്രായത്തിലും തരത്തിലുമുള്ളവർ - ഒന്നിച്ചു കഴിയുന്നു, ഒരു വലിയ കുടുംബത്തിലെ അംഗങ്ങളെപ്പോലെ! ആർക്കും ആരോടും വ്യക്തിപരമായ ബന്ധങ്ങളില്ല. വ്യക്തിസ്വാതന്ത്ര്യവും വളരെ പരിമിതമാണ്. പക്ഷേ, ആ സത്യം അവരെ അലട്ടിയിരുന്നില്ല. തങ്ങളെ സ്വന്തമെന്ന് അവകാശപ്പെടാൻ ആരുമില്ലെന്നുള്ള വസ്തുത അവരെ വീർപ്പുമുട്ടിച്ചിരുന്നതുമില്ല. ഓർമ്മവച്ചപ്പോൾ തുടങ്ങി മണിമുഴക്കം അനുസരിച്ചു ചിട്ടപ്പെടുത്തിയ ജീവിതരീതി ശീലിച്ചുകഴിഞ്ഞിരുന്നു. മണിമുഴക്കം കേട്ട് ഉണരുന്നു - മണിമുഴക്കം കേട്ട് ആരാധനയ്ക്കായി ഒത്തുകൂടുന്നു- മണിമുഴക്കം കേട്ട് ഊണുമുറിയിൽ എത്തുന്നു- അതു കഴിഞ്ഞ് ചെറിയ കുട്ടികൾ അടുത്തുള്ള പള്ളിവക പള്ളിക്കൂടത്തിലേക്കു പോകുന്നു. മുതിർന്നവർ തൊഴിൽശാലകളിലേക്കും! ദിവസത്തിന്റെ അന്ത്യത്തിൽ അവർ വീണ്ടും ആരാധനയ്ക്കായി ഒത്തുചേരുന്നു. അവസാനമണിമുഴക്കത്തോടെ ഉറക്കത്തിലേക്കു പ്രവേശിക്കുകയുമായി.

നിയന്ത്രണങ്ങൾകൊണ്ടു വരിഞ്ഞുകെട്ടിയ ആ ദിനചര്യയിൽ ആർക്കുംതന്നെ പരാതികൾ ഉണ്ടായിരുന്നില്ല. ഒരുപക്ഷേ, മെച്ചപ്പെട്ട ഒരു ജീവിതരീതിയെപ്പറ്റിയുള്ള അറിവില്ലായ്മ കൊണ്ടാവാം. പിന്നെ പരാതിപ്പെട്ടതുകൊണ്ട് എന്തെങ്കിലും ഗുണമുണ്ടാകുമെന്ന മോഹവും അവർക്കുണ്ടായിരുന്നില്ല.

പക്ഷേ, കുടുംബജീവിതത്തിലെ സ്നേഹവാത്സല്യങ്ങൾ അനുഭവിക്കാൻ ഭാഗ്യം സിദ്ധിച്ച കുട്ടികളുമായി പള്ളിക്കൂടത്തിൽ ഇടപഴകുമ്പോൾ ജോസ് തന്റെ വലിയ വിടവിനെപ്പറ്റി

ബോധവാനാകാറുണ്ടായിരുന്നു. 'ഈ ബാഗ് പപ്പാ ബോംബെയിൽനിന്നും കൊണ്ടുവന്നതാ', 'ഇന്നലെ എന്റെ പിറന്നാളിൽ അമ്മ പായസം വച്ചു', 'ഈ അവധിക്കു ഞങ്ങൾ അച്ഛന്റെ വീട്ടിൽ പോകും', 'ഈയാണ്ടിൽ ജയിച്ചാൽ വല്യപ്പച്ചൻ ഒരു ചെറിയ സൈക്കിൾ വാങ്ങിച്ചുതരും' എന്നൊക്കെ കൂട്ടുകാർ വലുപ്പം പറയുമ്പോൾ അവന്റെ കൊച്ചുഹൃദയം നുറുങ്ങി വേദനിക്കും. തന്നെ സ്വന്തമെന്ന് അവകാശപ്പെടാൻ, തന്റെ ഇഷ്ടാനിഷ്ടങ്ങൾക്കു വിലകല്പിക്കാൻ ആരുംതന്നെയില്ലല്ലോ. എങ്കിലും അവന് ഏറ്റവും മനഃപീഡ തോന്നിയിരുന്നത് കുട്ടികളുടെ ഇടയിൽ വഴക്കുകൾ ഉണ്ടാകുമ്പോൾ സഹപാഠികൾ അവനെ ആരുമില്ലാത്തവൻ എന്നു വിളിച്ച് അപഹസിക്കുമ്പോഴായിരുന്നു. ഒഴുക്കുവെള്ളത്തിലെ ഒതളങ്ങാപോലെ താൻ ഈ ഭൂമുഖത്ത് എങ്ങനെ വന്നുപെട്ടു എന്ന് ഒരിക്കലും താൻ അറിയാൻപോകുന്നില്ല.

വൈകുന്നേരങ്ങളിൽ മ്ലാനത മൂടിക്കെട്ടിയ മുഖവുമായി കളിക്കാൻ കൂട്ടാക്കാതെ ജോസ് അനാഥാലയത്തിന്റെ നീണ്ട നടശാലയുടെ പടികളിൽ ചടഞ്ഞുകൂടുമ്പോൾ സ്നേഹത്തിന്റെ വെളിച്ചവുമായി അവന്റെ വിഷമതകൾ ആരാഞ്ഞ് ഫാദർ ഫ്രാൻസിസ് അരികിലെത്തും.

"മകനേ! എന്താ നീയിങ്ങനെ ഒറ്റയ്ക്കിരിക്കുന്നത്? ഇങ്ങടുത്തു വരൂ, നിന്റെ മുഖത്ത് എന്താണൊരു വല്ലായ്മ! ഒന്നും ഒളിച്ചുവയ്ക്കാതെ എന്നോടു പറയൂ. കൊച്ചുമനസ്സുകൾ ഒരിക്കലും വേദനിച്ചുകൂടാ."

തന്റെ മനസ്സിൽ തിങ്ങിക്കൂടുന്ന അവ്യക്തമായ വേദനകൾക്കു വാക്കുകൾകൊണ്ടു രൂപം നൽകാനാവാതെ അവൻ കുഴങ്ങുമ്പോൾ അദ്ദേഹം സാന്ത്വനപൂർവം തോളത്ത് തലോടിക്കൊണ്ടു പറയും:

"മകനേ, നിന്റെ വിഷമം ഞാൻ മനസ്സിലാക്കുന്നു. പക്ഷേ, നിനക്ക് ആരുമില്ലല്ലോ എന്ന് ഒരിക്കലും നിരാശപ്പെടരുത്. അതാ നോക്കൂ! ക്രൂശിക്കപ്പെട്ട യേശുവിന്റെ രൂപം! അശരണരുടെയും അനാഥരുടെയും ആശ്വാസം അവിടെയാണ്. പണത്തിനും പ്രതാപത്തിനും ബന്ധുക്കൾക്കും നൽകാൻ കഴിയാത്ത ആശ്വാസം നിനക്കവിടെ കണ്ടെത്താൻ കഴിയും."

അദ്ദേഹം പറഞ്ഞതെല്ലാം പൂർണ്ണമായി മനസ്സിലാക്കാൻ അവനു കഴിഞ്ഞിരുന്നില്ല. എങ്കിലും ആ ക്രൂശിതരൂപത്തിന്റെ മുമ്പിൽ അവൻ ശരണം പ്രാപിച്ചു. ചെറുതും വലുതുമായ അവന്റെ ദുഃഖങ്ങൾ നിരത്തിവച്ചു. എന്നും മുട്ടിപ്പായി അവന് ഒരു അപേക്ഷ ഉണർത്തിക്കാനുണ്ടായിരുന്നു:

"അനാഥനും അഗതിയുമായ തനിക്ക് പഠിച്ചുയരാനുള്ള മാർഗം തെളിച്ചുതരണേ!"

കിടക്കപ്പായിൽ മുട്ടുകുത്തി അവൻ ഹൃദയംനൊന്തു പ്രാർഥിച്ചു:

"ഈശോതമ്പുരാനേ എനിക്ക് ക്ലാസു കിട്ടണേ!"

ണിം ണിം ണിം!

പ്രഭാതമണികൾ മുഴങ്ങുകയാണ്. അവൻ ചാടിയെണീറ്റു. തന്റെ അരികിൽ ഉറക്കച്ചടവോടെ കിടന്നിരുന്ന പീറ്റർപോലും എണീറ്റുവരാൻ കാത്തു നിൽക്കാതെ തിടുക്കത്തിൽ

പ്രഭാതകർമ്മങ്ങൾ നിർവഹിച്ചു ചാപ്പലിൽ എത്തി. പ്രഭാതപ്രാർഥന കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ ഫാദർ ഫ്രാൻസിസ് സുസ്മേരവദനനായി ചാപ്പലിന്റെ നടയിൽത്തന്നെ നിൽപ്പുണ്ട്.

അവൻ ബഹുമാനത്തോടെ കൈകൾ കൂപ്പി ഫാദറിനെ വന്ദിച്ചു: "ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ!"

"ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ, മകനേ! നിന്റെ പ്രാർഥന തമ്പുരാൻ കേട്ടിരിക്കുന്നു. ഇതാ നോക്കൂ!"

ളോഹയുടെ കീശയിൽനിന്ന് അദ്ദേഹം പത്രമെടുത്ത് അവന്റെ നേരെ നീട്ടിപ്പിടിച്ചു. തന്റെ നമ്പറിനു മുകളിലുള്ള നക്ഷത്രചിഹ്നത്തിൽ അവന്റെ കണ്ണുകൾ തറച്ചുനിന്നു. മനസ്സിൽ ഉന്മേഷം പതഞ്ഞുപൊങ്ങി. അടുത്ത ക്ഷണം അവൻ കണ്ണുകൾ ഉയർത്തി ഫാദർ ഫ്രാൻസിസിനെ നോക്കി. തന്റെ ഭാവി എന്താണെന്ന് അറിയാനുള്ള ആകാംക്ഷയോടെ! അതേപ്പറ്റി തുറന്നു ചോദിക്കാൻ ധൈര്യം പോരായിരുന്നു.

അദ്ദേഹം പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു:

"വരൂ ജോസ്! എന്റെ മുറിയിൽ വരൂ."

വിറയാർന്ന കാൽവയ്പ്പോടെ ജോസ് അദ്ദേഹത്തെ അനുഗമിച്ചു. ഭാവിയെപ്പറ്റിയുള്ള ഉൽക്കണ്ഠയോടെ മനസ്സു പിടയുകയായിരുന്നു. അവൻ അകത്തു കടന്നപ്പോൾ അദ്ദേഹം വാതിൽ ചാരി. എന്നിട്ട് അവനെ അരികിലേക്കു വിളിച്ചു:



"ജോസ് ഇങ്ങടുത്തു വരൂ. നിന്റെ മനസ്സിലെ ആലോചനകൾ എന്തൊക്കെയാണെന്ന് എനിക്കറിയാം. മകനേ! നീ ആശിക്കുന്നതുപോലെ നിന്നെ തുടർന്നു പഠിപ്പിക്കണമെന്നാണ് എന്റേയും ആഗ്രഹം! ഫാദർ ജോസഫും അതിന് അനുകൂലിക്കുമെന്ന് എനിക്കുറപ്പുണ്ട്."

ജോസിന്റെ കണ്ണുകളിൽ ആനന്ദാശ്രുക്കൾ നിറഞ്ഞു. അദ്ദേഹം വാത്സല്യപൂർവം അവന്റെ തോളിൽ തട്ടി.

"ജോസ് നന്നായിവരുമെന്ന് എനിക്കു തീർച്ചയുണ്ട്. എന്റെ എല്ലാ കഴിവുകളും ഉപയോഗിച്ച് ഞാൻ അതിനു ശ്രമിക്കുകയും ചെയ്യും. വീടും കുടുംബവും ഉപേക്ഷിച്ച്

യേശുവിന്റെ വേലയ്ക്കായി ഇറങ്ങിയവനാണ് ഞാൻ! എന്നെ സംബന്ധിച്ചിടത്തോളം എല്ലാവരും ഒരുപോലെ തന്നെയായിരിക്കേണ്ടതാണ്. പക്ഷേ, എന്തോ - നിന്നോടുമാത്രം പ്രത്യേകമായ ഒരടുപ്പം - സ്വന്തം മകനെപ്പോലെ."

വികാരനിർഭരമായ സ്വരം പെട്ടെന്ന് നിയന്ത്രിച്ചിട്ട് അദ്ദേഹം തുടർന്നു:

"ആ - അതുപോട്ടെ. ഇവിടെ കോളജില്ലാത്തതു കൊണ്ട് ചങ്ങനാശ്ശേരി സെന്റ് പീറ്റേഴ്സ് കോളജിൽ ചേർത്തു പഠിപ്പിക്കാനേ നിവൃത്തിയുള്ളൂ. അപ്പോൾ ഹോസ്റ്റലിൽ താമസിക്കേണ്ടിവരും. ഏതായാലും നീ ഭാവിയെ ഓർത്ത് വിഷമിക്കണ്ട. എല്ലാം നീ ആശിച്ചതുപോലെ ശരിപ്പെടും."

ഫാദർ ഫ്രാൻസിസിനെ ഒന്നുകൂടി വന്ദിച്ചിട്ട് അവൻ മുറിക്കു പുറത്തു കടന്നു. ആഹ്ലാദംകൊണ്ടവൻ വീർപ്പുമുട്ടുകയായിരുന്നു. ഡൈനിങ് ഹാളിന്റെ പടികളിൽ പീറ്റർ അവനെ കാത്തുനിൽപ്പുണ്ടായിരുന്നു. തനിക്ക് കൈവന്ന ഭാഗ്യം തന്റെ കൊച്ചുസുഹൃത്തിനെ അറിയിക്കാനുള്ള അക്ഷമയോടെ അവൻ വേഗം നടന്നു. പക്ഷേ, ജോസ് എന്തെങ്കിലും പറയുന്നതിനു മുൻപുതന്നെ പീറ്റർ വിളിച്ചു ചോദിച്ചു:



"ജോസേട്ടൻ ഇതുവരെ എവിടെയായിരുന്നു? കാലത്തെ പത്രം വന്നു കാണും. ഫാദറിന്റെ മുറിയിൽ പോയി റിസൾട്ട് നോക്കണ്ടേ!"

"ഞാൻ ഫാദറിന്റെ അടുക്കൽനിന്നുതന്നെയാണ് പീറ്റർ വരുന്നത്!"

നിന്റെ പ്രാർഥന മാതാവ് കേട്ടിരിക്കുന്നു."

എന്നിട്ട് ഒറ്റശ്വാസത്തിൽ ഫാദർ ഫ്രാൻസിസ് പറഞ്ഞതൊക്കെ പീറ്ററിനെ പറഞ്ഞുകേൾപ്പിച്ചു. അവൻ സന്തോഷംകൊണ്ടു തുള്ളിച്ചാടിപ്പോയി.

"എന്റെ ജോസേട്ടാ! ഇനി എന്തു വേണം?"

രണ്ടുപേരുടെയും കണ്ണുകൾ നിറഞ്ഞൊഴുകി - ആനന്ദാശ്രുക്കൾ!

**മുറിപ്പാടുകൾ**
**(സാറാ തോമസ്)**

"കൊച്ചുമനസ്സുകൾ ഒരിക്കലും വേദനിച്ചുകൂടാ"
ഈ വാക്കുകളിലെ കരുതൽ എങ്ങനെയൊക്കെയാണ് നോവൽഭാഗത്ത് യാഥാർഥ്യമാകുന്നത്? **വ്യക്തമാക്കുക.**

"തന്റെ നമ്പറിനു മുകളിലുള്ള നക്ഷത്രചിഹ്നത്തിൽ അവന്റെ കണ്ണുകൾ തറച്ചുനിന്നു. മനസ്സിൽ ഉന്മേഷം പതഞ്ഞുപൊങ്ങി."
പരീക്ഷാഫലം അറിയാൻ കാത്തുനിന്ന ജോസിന്റെ മനസ്സിലൂടെ കടന്നുപോയ ചിന്തകൾ എന്തൊക്കെയാവാം? **നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.**

"രണ്ടുപേരുടെയും കണ്ണുകൾ നിറഞ്ഞൊഴുകി - ആനന്ദാശ്രുക്കൾ!"
ഫാദർ ഫ്രാൻസിസ്, ജോസ് എന്നിവർ അവരവരുടെ കടമകൾ നിറവേറ്റിയതിന്റെ ഫലമാണല്ലോ ഈ ആനന്ദാശ്രുക്കൾ. പാഠഭാഗത്തെ ആശയങ്ങൾ കൂടി പരിഗണിച്ച് 'വിദ്യാഭ്യാസം ജീവിതപുരോഗതിക്ക്' എന്ന വിഷയത്തിൽ **പ്രസംഗം തയ്യാറാക്കുക.**

'മ്ലാനത മൂടിക്കെട്ടിയ മുഖം', 'സന്തോഷം പതഞ്ഞുപൊങ്ങി' - ഇത്തരം സവിശേഷപ്രയോഗങ്ങൾ കഥാസന്ദർഭത്തിന് എത്രത്തോളം മിഴിവു നൽകുന്നു? സമാനപ്രയോഗങ്ങൾകൂടി കണ്ടെത്തി **വിശകലനം ചെയ്യുക.**

"നല്ലതല്ലൊരുവൻ ചെയ്ത
നല്ലകാര്യം മറപ്പത്
നല്ലതല്ലാത്തതുടനേ
മറന്നീടുന്നതുത്തമം"

സദാചാരം
(ശ്രീനാരായണഗുരു)

ശ്രീനാരായണഗുരു പകർന്നു നൽകിയ ജീവിതപാഠം നോവൽഭാഗത്ത് എങ്ങനെയെല്ലാമാണ് പ്രതിഫലിക്കുന്നത്? **വിശദമാക്കുക.**

പ്രതിസന്ധികളെ അതിജീവിച്ച് ജോസ് നേടിയ ഉന്നതവിജയം ഏവർക്കും പ്രചോദനമേകുന്നതാണല്ലോ. ഈ സംഭവം അടിസ്ഥാനമാക്കി **പത്രവാർത്ത തയ്യാറാക്കുക.**